തേജസ്

18 January 2018

## രണ്ടാമതു സഫാരി സമ്മേളനം സമാപിച്ചു

# കടലിൽ പോവുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കാൻ ടോക്കൺ സമ്പ്രദായം

**ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രത്തിൽ പ്രത്യേക ഫിഷറീസ് മന്ത്രാലയം സ്ഥാപിക്കണമെന്നും ചർച്ചയിൽ ആവശ്യമുയർന്നു. മീൻപിടിക്കാനായി കടലിൽ പോവുന്ന ബോട്ടുകൾ 10 ദിവസത്തിലധികം കടലിൽ ചെലവിടാൻ അനുവദിക്കരുതെന്നു മൽസ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു. പ്രഖ്യാപനങ്ങൾ പ്രായോഗികതലത്തിൽ നടപ്പാക്കണമെന്നും ആവശ്യമുയർന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറോളം മൽസ്യത്തൊഴിലാളികളാണു ചർച്ചയിൽ പങ്കെടുത്തത്**

**കൊച്ചി:** കടലിൽ പോവുന്നവരുടെ വിവരങ്ങൾ കൃത്യമായി ലഭ്യമാക്കാൻ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് നിർദേശം. മന്ത്രി മേഴ്സിക്കുട്ടിയമ്മയുടെ സാന്നിധ്യത്തിൽ ചേർന്ന മൽസ്യത്തൊഴിലാളികളുടെയും ശാസ്ത്രജ്ഞരുടെയും പ്രത്യേക ചർച്ചയിലാണ് ഈ നിർദേശം ഉയർന്നുവന്നത്.

കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച രാജ്യാന്തര സഫാരി സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ ദുരന്തനിവാരണത്തെക്കുറിച്ചുള്ള ചർച്ചയുടെ ഒടുവിലാണ് ഈ നിർദേശം. മീൻപിടിത്തത്തിനായി കടലിൽ പോവുന്നവരുടെ കൃത്യമായ കണക്ക് ലഭ്യമല്ലാത്തതാണു ഓഖി ചുഴലിക്കാറ്റിനെ തുടർന്നുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾ ദുഷ്കരമാക്കിയത്. ടോക്കൺ സമ്പ്രദായം പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കടലിൽ പോവുന്ന തൊഴിലാളികളുടെ കണക്കു കൃത്യമായി ശേഖരിക്കാനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും കഴിയുമെന്ന് അഭിപ്രായമുയർന്നു.

കാലാവസ്ഥാ മുന്നറിയിപ്പുകൾ മൽസ്യത്തൊഴിലാളികളിലേക്കു യഥാസമയം തന്നെ കൃത്യമായി എത്തിക്കുന്നതിന് ആശയവിനിമയ സംവിധാനം ഏകോപിപ്പിക്കണമെന്നും നിർദേശമുയർന്നു. ഇതിനായി മൽസ്യത്തൊഴിലാളി സംഘടനകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പ്രയോജനപ്പെടുത്തണം. മുന്നറിയിപ്പുകൾ മലയാളത്തിൽ നൽകണം. തീരദേശ സംരക്ഷണ സേനയിൽ മൽസ്യത്തൊഴിലാളികളെ കൂടി പങ്കാളികളാക്കണം. മൽസ്യബന്ധന യാനങ്ങളിൽ സുരക്ഷാ സംവിധാനങ്ങളുണ്ടെന്ന് ഉറപ്പുവരുത്തണം. കാലാവസ്ഥാ മുന്നറിയിപ്പുകളും മൽസ്യങ്ങൾ കൂടുതലുള്ള സ്ഥലങ്ങളറിയാനുമായി മൽസ്യബന്ധ യാന നിരീക്ഷണ സംവിധാനം (വിഎംഎസ്) ബോട്ടുകളിൽ ഘടിപ്പിക്കണം.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രത്തിൽ പ്രത്യേക ഫിഷറീസ് മന്ത്രാലയം സ്ഥാപിക്കണമെന്നും ചർച്ചയിൽ ആവശ്യമുയർന്നു. മീൻപിടിക്കാനായി കടലിൽ പോവുന്ന ബോട്ടുകൾ 10 ദിവസത്തിലധികം കടലിൽ ചെലവിടാൻ അനുവദിക്കരുതെന്നു മൽസ്യത്തൊഴിലാളികൾ ചർച്ചയിൽ ആവശ്യപ്പെട്ടു. പ്രഖ്യാപനങ്ങൾ പ്രായോഗികതലത്തിൽ നടപ്പാക്കണമെന്നും ആവശ്യമുയർന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറോളം മൽസ്യത്തൊഴിലാളികളാണു ചർച്ചയിൽ പങ്കെടുത്തത്.

അതേസമയം, രാജ്യം വികസിപ്പിച്ചെടുത്ത ശാസ്ത്രസാങ്കേതിക വിദ്യകളുടെ നേട്ടങ്ങൾ ഉപയോഗിച്ച് മൽസ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്നു മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ വ്യക്തമാക്കി. ദുരന്തനിവാരണത്തെക്കുറിച്ചുള്ള പ്രത്യേക ചർച്ച ഉദ്ഘാടനം ചെയ്താണു മന്ത്രി ഇക്കാര്യമറിയിച്ചത്.

ആഴക്കടലിൽ മൽസ്യബന്ധനത്തിന് പോയ മൽസ്യത്തൊഴിലാളികൾക്ക് അടിയന്തരമായി സന്ദേശമെത്തിക്കാൻ ഉപഗ്രഹ നിയന്ത്രിത നാവിക സംവിധാനം ഒരുക്കുന്നുണ്ട്. ഇത് ഉപയോഗിക്കുവാൻ ഇക്കൂട്ടർക്ക് പ്രത്യേക പരിശീലനവും നൽകും. ഇന്ത്യൻ നാഷനൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് വികസിപ്പിച്ചെടുത്ത പ്രദർശന ബോർഡിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.



രണ്ടാമതു സഫാരി സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രദർശനത്തിൽ മൽസ്യബന്ധനത്തിന് ഉപയോഗിക്കുന്ന കൂട മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ നോക്കിക്കാണുന്നു